ശ്രീ. കെ. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര കോർപ്പറേഷനുകളും, മുനിസിപ്പാലിറ്റികളും, പഞ്ചായത്തുകളുമുണ്ട്;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള അടുത്ത തെരഞ്ഞെടുപ്പിനുമുൻപ് കൂടുതൽ കോർപ്പറേഷനുകൾ രൂപീകരിക്കാനോ നിലവിലുള്ള ഏതെങ്കിലും പഞ്ചായത്തിനെ മുനിസിപ്പാലിറ്റിയാക്കാനോ കൂടുതൽ പഞ്ചായത്തുകൾ രൂപീകരിക്കാനോ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 3 മുനിസിപ്പൽ കോർപ്പറേഷനുകളും 55 മുനിസിപ്പാലിറ്റികളും 14 ജില്ലാ പഞ്ചായത്തുകളും 152 ബ്ലാക്ക് പഞ്ചായത്തുകളും 980 ഗ്രാമപഞ്ചായത്തുകളും നിലവിലുണ്ട്.

(ബി)&(സി) കൊല്ലം, തൃശ്ശൂർ നഗരസഭകൾക്ക് കോർപ്പറേഷൻ പദവി നൽകുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. വിശദാംശങ്ങൾ തയ്യാറാക്കിയിട്ടില്ല. നിലവിലുള്ള ഒരു പഞ്ചായത്തിനെയും മുനിസിപ്പാലിറ്റിയാക്കാൻ ഉദ്ദേശമില്ല. 50000 - ത്തിലേറെ ജനസംഖ്യയുള്ള പഞ്ചായത്തുകളും വലിപ്പകൂടുതലുള്ള പഞ്ചായത്തുകളും വിഭജിക്കാൻ ഉദ്ദേശിക്കുന്നു.

108 (1334) സംസ്ഥാനത്തെ പഞ്ചായത്തുകളുടെ വിഭജനം പഠിക്കുന്നതിന് കമ്മിറ്റി

ശ്രീ. എം.വി. ജയരാജൻ :
ശ്രീ. പി. വിശ്വൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. സി.പി. ബാലൻവൈദ്യർ :
ശ്രീ. എൻ. കണ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളുടെ വിഭജനം സംബന്ധിച്ച് സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) പഞ്ചായത്തുകളുടെ വിഭജനം സംബന്ധിച്ച് പഠിക്കുന്നതിന് ഏതെങ്കിലും കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആരെയാണ് കമ്മീഷൻ ആയി നിർദ്ദേശിച്ചിട്ടുള്ളത്;

(ഡി) കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് നല്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഇക്കാര്യം പരിശോധനയിലാണ്.

(ബി),(സി),(ഡി)&(ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly